# ജന്തുലോകത്തേക്ക്



"ആഹാ! ഇന്ന് എല്ലാവരും വളരെ നേരത്തേ എത്തിയല്ലോ..."
കൂട്ടുകാരെക്കണ്ട് മിത്ര വീടിനു പുറത്തിറങ്ങി.

മിത്രയുടെ വീട്ടുപരിസരം കണ്ടല്ലോ.
ഏതെല്ലാം ജീവികളാണ് ചിത്രത്തിലുള്ളത്?

ഇവയിൽ മിത്ര വളർത്തുന്ന ജീവികളേതൊക്കെയാവും?
ഏതൊക്കെ ജീവികളെയാണ് മനുഷ്യർ ഇണക്കി വളർത്തുന്നത്?

**ചിത്രത്തിൽ ഏതെല്ലാം ജീവികളാണ് ഉള്ളത്?**

Which creatures are there in the picture?

കോഴിയും കുഞ്ഞുങ്ങളും, പൂവൻകോഴി, പൂച്ച, പ്രാവുകൾ, പശുക്കുട്ടി,

ചിത്രശലഭം, കാക്ക, അണ്ണാൻ, മരം കൊത്തി, തത്ത

Hen and chicks, rooster, cat, pigeons, calf, butterfly, crow, squirrel, woodpecker, parrot.

●ഏതൊക്കെ ജീവികളെയാണ് നമ്മൾ വീട്ടിൽ വളർത്തുന്നത്?

**●Name the creatures that we keep in our houses?**

**Cow, Goat, Buffalo, Chicken, Duck, Parrot, Dove, Mynah, Lovebirds, Cat, Dog**

പശു,ആട്,എരുമ,കോഴി,താറാവ്,തത്ത,പ്രാവ്,മൈന,ലൗ

ബേഡ്സ്,പൂച്ച, നായ.




















എന്തിനൊക്കെ വേണ്ടിയാണ് നാം ജീവികളെ വളർത്തുന്നത്?

**Why do we raise animals?**

*** For food**

* ആഹാരത്തിന്

*** For safety**

* സുരക്ഷക്ക്

*** For entertainment.**

* വിനോദത്തിനു

*** For income.**

* ആദായത്തിന്


നമുക്ക് വളർത്തു ജീവികളെ കൊണ്ടുള്ള പ്രയോജനങ്ങളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.

**Complete the table by adding the benefits of domestic animals.**

| Animal ജീവി | Benefits പ്രയോജനങ്ങൾ |
|---|---|
| Goat ആട് | For Milk, For meat<br>പാലിന് ,മാംസത്തിന് |
| Hen കോഴി | For Egg, For flesh<br>മുട്ടയ്ക്ക് , മാംസത്തിന് |
| Cow പശു | For Milk, For dung<br>പാലിന് ,ചാണകത്തിന് |
| Lovebirds ലൗ ബേഡ്സ് | As Pets, For income<br>കൗതുകത്തിന് , ആദായത്തിന് |
| Dog നായ | For safety, For income<br>സുരക്ഷക്ക്, ആദായത്തിന് |


ചിത്രത്തിലുള്ള ഏതെല്ലാം ജീവികളെ നിങ്ങൾക്കറിയാം?പേരുകൾ എഴുതു.

How many creatures could you identify from the pictures?
Write down their name.





നിങ്ങൾക്ക് പരിചിതമായ ചില ജീവികളെ അക്ഷരങ്ങളിലൂടെയും മറ്റും എളുപ്പത്തിൽ വരക്കാം.


You can easily draw some familiar creatures with letters and more.



## അക്ഷരച്ചിത്രങ്ങൾ വരയ്ക്കാം



ഇതുപോലെ
കൂടുതൽ ചിത്രങ്ങൾ
വരച്ചുനോക്കൂ









| ചെറിയ ജീവികൾ<br>Smallest animals | വലിയ ജീവികൾ<br>Largest animals |
|---|---|
| പേൻ<br>Lice | ആന<br>Elephant |
| ചെള്ള്<br>Flea | നീലത്തിമിംഗലം<br>Blue Whale |
| മൂട്ട<br>Bed bug | കാണ്ടാമൃഗം<br>Rhinoceros |
| ചാഴി<br>Rice earhead bug | പോത്ത്<br>Buffalo |
| കൊതുക്<br>Mosquito | ജിറാഫ്<br>Giraffe |

## സവിശേഷതകളിലെ വൈവിധ്യം Variety in features

**താഴെ നൽകിയിരിക്കുന്ന ശരീരഭാഗങ്ങൾ ഏതെല്ലാം ജീവികളുടേതെന്ന് കണ്ടെത്തിയെഴുതൂ?**

**Identify the animals by observing the body parts in the picture.**



**ജീവികൾ ഏതെല്ലാം വിധത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?**

**How do creatures differ?**

| | |
|---|---|
| * **Shape** | * **ആകൃതി** |
| * **Size** | * **വലുപ്പം** |

***Colour** * നിറം

*** Spots** * പുള്ളികൾ

*** Stripes** * വരകൾ

*** Horns** * കൊമ്പ്

*** Hoofs** * കുളമ്പ്

*** Nails** * നഖം

| Creatures ജീവി | **Colour** നിറം | **Stripes** വരകൾ | **Spots** പുള്ളികൾ | **Horns** കൊമ്പ് | **Hoofs** കുളമ്പ് | **Nails** നഖം |
|---|---|---|---|---|---|---|
| ആന Elephant | കറുപ്പ് Black | ഉണ്ട് No | ഇല്ല No | ഉണ്ട് Yes | ഇല്ല No | ഉണ്ട് Yes |
| പശു Cow | പലത് Various | ഇല്ല No | ചിലതിന് ഉണ്ട് For some | ഉണ്ട് Yes | ഉണ്ട് Yes | ഇല്ല No |
| | | | | | | |
| | | | | | | |

**താഴെ നൽകിയിരിക്കുന്ന പട്ടികയിൽ കൂടുതൽ ജീവികളെ ഉൾപ്പെടുത്തൂ.....**

**Add more creatures to the list given below**

| Horned കൊമ്പുള്ളവ | Winged ചിറകുള്ളവ | Hoofed കുളമ്പുള്ളവ | Toothed പല്ലുള്ളവ | More than four legs creatures നാലിൽ കൂടുതൽ കാലുകളുള്ളവ |
|---|---|---|---|---|
| Goat ആട് | Crow കാക്ക | Cow പശു | Rabbit മുയൽ | Ant ഉറുമ്പ് |
| Deer മാൻ | Parrot തത്ത | Horse കുതിര | Giraffe ജിറാഫ് | Spider ചിലന്തി |
| Cow പശു | Butterfly ചിത്ര ശലഭം | Pig പന്നി | Elephant ആന | Scorpion തേൾ |

| | | | | |
|---|---|---|---|---|
| Rhinoceros<br>കാണ്ടാമൃഗം | Eagle<br>പരുന്ത് | Deer<br>മാൻ | Monkey<br>കുരങ്ങ് | Butterfly<br>ചിത്ര ശലഭം |

## Sea creatures കടൽ ജീവികൾ

| | |
|---|---|
| • കടൽഞണ്ട് | • Sea crab |
| • സ്രാവ് | • Shark |
| • തിരണ്ടി | • Reticulate whipray |
| • കടലാമ | • Sea turtles |
| • മത്തി | • Sardine |
| • അയല | • Mackerel |
| • നീലത്തിമിംഗിലം | • Blue whale |

**Which sea animals do you know? Discuss with your friends and write them. See the pictures of some of the sea creatures.**

**ഏതെല്ലാം  കടൽ ജീവികളെ നിങ്ങൾക്കറിയാം?കൂട്ടുകാരുമായി ചർച്ച ചെയ്യൂ എഴുതൂ.ചില കടൽ ജീവികളുടെ ചിത്രങ്ങൾ നോക്കൂ.**



**Sea horse** കടൽക്കുതിര



**Sea hedgehog** കടൽമുള്ളൻ പന്നി





## Sea cucumber കടൽ വെള്ളരി Sea cow കടൽ പശു

കടൽക്കുതിര - ഒരിനം കടൽമത്സ്യമാണ് കടൽക്കുതിര. കുതിരയുടേതു പോലുള്ള തലകൾ. പെൺകടൽക്കുതിരകൾ ഇടുന്ന മുട്ടകൾ ആൺകടൽക്കുതിരയുടെ ശരീരത്തിലുള്ള സഞ്ചിയിൽ നിക്ഷേപിക്കുകയും മുട്ടകൾ വിരിയുമ്പോൾ കുഞ്ഞുങ്ങൾ പുറത്തുവരുകയും ചെയ്യുന്നു.

**Seahorse - The seahorse is a type of marine fish. Horse-like heads. Eggs laid by female seahorses are deposited in pouches on the body of the male seahorse, and when the eggs hatch, the young emerge.**

കടൽ മുള്ളൻ പന്നി- ശരീരമാസകലം മുള്ളുകളുള്ള പന്താകൃതിയിലുള്ള ഒരു മത്സ്യമാണിത് . ശരീരം ബലൂൺ പോലെ വീർപ്പിക്കുവാനുള്ള കഴിവ് ഈ ജീവിക്കുണ്ട്.

**Sea hedgehog- It is a spherical fish with spines all over its body. This creature has the ability to inflate its body like a balloon.**

കടൽ വെള്ളരി - കടലിന്റെ അടിത്തട്ടിനോടു ചേർന്നുള്ള പ്രദേശങ്ങളിലാണ് കാണപ്പെടുന്നത്. . വെള്ളരിയുടെ ആകൃതിയിലുള്ള ഒരു ജീവി.

**Sea Cucumber - Found in areas near the sea floor. A creature shaped like a cucumber.**

കടൽ പശു - കടലാന എന്നും അറിയപ്പെടുന്നു പുല്ലാണ് പ്രധാന ആഹാരം.

**Sea cow - Also known as sea elephant. Grass is the main food.**

നീലത്തിമിംഗിലം - ഭൂമിയിലെ ഏറ്റവും വലിയ ജീവിയായ നീലിത്തിമിംഗിലത്തിന് 35 മീറ്റർ നീളവും ( ഏതാണ്ട് ആറു ക്ലാസുമുറികളുടെ നീളം ) മുപ്പത് ആനകളുടെയത്രയും ഭാരവും ( 200 ടൺ ) ഉണ്ടാകും. നീലകലർന്ന ചാരനിറമാണിവയ്ക്ക്. എന്നാൽ ഇവയുടെ ആഹാരം ചെറുമീനുകളാണ് . ഇന്നു ഭൂമിയിൽ പതിനായിരത്തിൽ താഴെ തിമിംഗിലങ്ങളേ ഉണ്ടാകാനിടയുള്ളുവെന്ന് കണക്കാക്കുന്നതിനാൽ ഇവ വംശനാശഭീഷണിയിലാണെന്നു പറയാം.

**Blue Whale - The largest living creature on Earth, the blue whale can reach a length of 35 meters (about the length of six classrooms) and weigh as much as thirty elephants (200 tons). They are bluish grey. But their food is small fish. It is estimated that there may be less than ten thousand whales on Earth today, so they can be said to be in danger of extinction.**

## Many ways of movement പലവിധമങ്ങനെ സഞ്ചാരം

സഞ്ചാര രീതിയുടെ അടിസ്ഥാനത്തിൽ ജീവികളെ പട്ടികപ്പെടുത്തു.

**Categorise creatures based on their movement.**

| Walking creatures നടക്കുന്നവ | Crawling creatures ഇഴയുന്നവ | Flying creatures പറക്കുന്നവ | Swimming creatures നീന്തുന്നവ | Jumping creatures ചാടിച്ചാടി |
|---|---|---|---|---|
| Elephant ആന | Snake പാമ്പ് | Crow കാക്ക | Fish മത്സ്യം | Frog തവള |
| Dog പട്ടി | Snail ഒച്ച് | Crane കൊക്ക് | Blue whale നീലത്തിമിംഗിലം | Grasshopper പുൽച്ചാടി |
| Giraffe ജിറാഫ് | Earthworm മണ്ണിര | Parrot തത്ത | Dolphin ഡോൾഫിൻ | Kangaroo കങ്കാരു |
| Goat ആട് | Caterpillar പുഴു | Butterfly ചിത്ര ശലഭം | Shark സ്രാവ് | |
| Cat പൂച്ച | Millipede അട്ട | Dove പ്രാവ് | Penguin പെൻഗ്വിൻ | |
| Elephant ആന | Centipede പഴുതാര | Dragonfly തുമ്പി | Tortoise ആമ | |

**മറ്റു ചില രീതിയിലും  സഞ്ചരിക്കുന്ന  ജീവികൾ ഉണ്ട്.അവയെ ഒന്ന് പരിചയപ്പെട്ടാലോ**

**Some creatures is that move in  other ways. Let's get to know some of them.**

**കംഗാരു**

**ശക്തിയുള്ള പിൻകാലുകൾ ഉപേയാഗിച്ചാണ് കംഗാരുവിൻറെ സഞ്ചാരം.വളരെ ചെറിയ വലുപ്പം മാത്രമുള്ള മുൻകാലുകൾ സഞ്ചാരത്തിന് സഹായിക്കുന്നില്ല.ബലമുള്ള വാലും ചലനത്തിനായി ഈ ജീവി ഉപയോഗപ്പെടുത്തുന്നുണ്ട്.ശരീരത്തിൻെറ  മുൻഭാഗം പിൻഭാഗത്തെ അപേക്ഷിച്ച് ചെറുതായതിനാൽ പ്രയാസം കൂടൊത ചാടിച്ചാടി സഞ്ചരിക്കാൻ കംഗാരുക്കൾക്ക് കഴിയുന്നു..**

**Kangaroo-:**

**Powerful back legs is used for its travel. Their small size front legs are not helping its travel. Kangaroos strong tail is also used for its movement. Kangaroos front body is compare to rear is small size, so its easy to travel by jumping.**

## തവള

പിൻകാലുകൾക്ക് മുൻകാലുകളെ അപേക്ഷിച്ച് നീളം കൂടുതൽ.ചാടിച്ചാടിയുള്ള സഞ്ചാരത്തിന് പ്രധാനമായും ഉപയോഗപ്പെടുത്തുന്നത് പിൻ കാലുകളാണ്.

## Frog

**The back legs are longer than the front legs. The back legs are mainly used for jumping.**

## Grasshopper

**The grasshopper can jump up to two meters from one place using its powerful back legs. The front legs are used only for gathering food. They are also called Vitil, Pachatullan, Pachakkuthira.**

പുൽച്ചാടി - ശക്തിയേറിയ പിൻകാലുകളുപയോഗിച്ച് ഒരിടത്ത് നിന്നും രണ്ടുമീറ്റർ വരെ ദൂരത്തേക്ക് ചാടിച്ചാടി സഞ്ചരിക്കാൻ പുൽച്ചാടിക്ക് കഴിയും.മുൻകാലുകൾ ഭക്ഷണം ശേഖരിക്കുന്നതിനുവേണ്ടി മാത്രമാണ് ഇവയുപയോഗപ്പെടുത്തുന്നത്. വിട്ടിൽ പച്ചത്തുള്ളൻ പച്ചക്കുതിര എന്നിങ്ങനെയും ഇവ വിളിക്കപ്പെടുന്നു.

**List the relationship between the body features of organisms and their mode of movements?**

ജീവികളുടെ ശരീര പ്രത്യേകതകളും സഞ്ചാര രീതിയും തമ്മിലുള്ള ബന്ധം പട്ടികപ്പെടുത്തുക?

| **Creatures**<br>ജീവി | **Body features**<br>ശരീരത്തിൻ്റെ സവിശേഷത | **Movement**<br>സഞ്ചാര രീതി |
|---|---|---|
| **Horse**<br>കുതിര | . പിന്നിലേക്ക് മടക്കാവുന്ന നാലു കാലുകൾ<br>. **Four legs that bend backwards** | . നടക്കുന്നു<br>. ഓടുന്നു<br>. **Walk**<br>. **Run** |
| **Snake**<br>പാമ്പ് | . കാലുകളില്ല<br>. **No legs**<br>. ശരീര ഭാഗം മുഴുവനും സഞ്ചാരത്തിനുപയോഗിക്കുന്നു<br>. **The entire body part is used for movement** | . ഇഴയുന്നു<br>. **Crawl** |

| | | |
|---|---|---|
| **Dove**<br>പ്രാവ് | • കാലുകളുണ്ട്<br>**. There are legs**<br>• ചിറകുകളുണ്ട്<br>**. There are wings** | • നടക്കുന്നു<br>**. Walk**<br>• പറക്കുന്നു<br>**. Fly** |
| **Fish**<br>മീൻ | • രണ്ടറ്റവും കൂർത്ത ശരീരം<br>**. Both ends pointed body.**<br>• വശങ്ങളിലും വാലിലും ചിറകുകൾ(മേൽച്ചിറക്,കീഴ്ച്ചിറക്, വാൽച്ചിറക്)<br>**. Wings on sides and tail (Dorsal fin, Pelvic fin, Caudal fin)** | • നീന്തുന്നു<br>**. Swim** |
| **Duck** | **. There are wings**<br>• ചിറകുകളുണ്ട്<br>**. There are legs**<br>• കാലുകളുണ്ട് | **. Walk**<br>• നടക്കുന്നു<br>**. Swim**<br>• നീന്തുന്നു<br>**. Fly**<br>• പറക്കുന്നു |

**ഒന്നിലധികം രീ,തിയിൽ സഞ്ചരിക്കുന്ന മറ്റു ചില ജീവികൾ-:ആമ, മുതല,നീർ കാക്ക,നീർക്കോലി,ഞണ്ട്**

**Organisms that move in multiple ways-:Tortoise,Crocodile,Crab, Water snake,Cormorant**

ഓരോ ജീവിക്കും അതിൻ്റെ ശരീരത്തിൻ്റെയും വസിക്കുന്ന ചുറ്റുപാടിന്റെയും പ്രത്യേകതകൾക്ക് അനുസരിച്ചുള്ള സഞ്ചാരരീ തിയാണുള്ളത്.

Each creature has a movement based on the features of its body and the environment that it lives.

## വിലയിരുത്തൽ വർക്ക് ഷീറ്റ് - ജീവികളുടെ സഞ്ചാരം


1. താഴെ നൽകിയ ഓരോ കൂട്ടത്തിലും സഞ്ചാരരീതി വ്യത്യസ്തമായ ജീവിയെ വട്ടത്തിലാക്കൂ? The mode of travel is different in each of the groups given below. Circle the creature?

- പാമ്പ്, അരണ, ഒച്ച്, കുയിൽ
- Snake, Skink,Snail,Koel
- പശു, തവള, ആട്, എരുമ
- Cow, Frog, Goat, Buffalo
- മൂങ്ങ, പ്രാവ്, മാൻ, പൊന്മാൻ
- Owl, Dove, Deer, King fisher
- പരുന്ത്, തത്ത, തേരട്ട, ശലഭം
- Eagle, Parrot, Millipedes, Butterfly
- ആമ, ഓന്ത്, പല്ലി, മുയൽ
- Tortoise,Chameleons, Lizard, Rabbit

2. ഒരേ പോലെ സഞ്ചരിക്കുന്ന ജീവികളെ ചേരുമ്പടി ചേർക്കൂ?

Match the creatures that move same way?

| | | | |
|---|---|---|---|
| • മുതല | പൂമ്പാറ്റ | Crocodile | Butterfly |
| • തവള | ഓന്ത് | Frog | Chameleons |
| • തുമ്പി | കംഗാരു | Dragon fly | Kangaroo |
| • പഴുതാര | ചിതൽ | Centipedes | Termites |
| • ഉറുമ്പ് | തേരട്ട | Ant | Millipedes |



തൊഴുകയ്യൻ പ്രാണി - മുൻകൈകൾ സദാ ഉയർത്തിപ്പിടിച്ച് തൊഴുകൈകളോടെ പ്രാർത്ഥിക്കുന്ന രീതിയിലിരിക്കുന്നതിനാലാണ് ഇവ ഈ പേരിലറിയപ്പെടുന്നത്. നീണ്ടുമെലിഞ്ഞ ശരീരവും നീണ്ട കഴുത്തും ത്രികോണാകൃതിയിലുള്ള തലയുമാണ് ഇവയ്ക്കുള്ളത്. പരന്ന കൈകൾ നിറയെ മുള്ളുകളുണ്ടാവും. തല അനായാസം പിന്നിലേക്കും തിരിക്കാം. പച്ചയോ തവിട്ടോ നിറത്തിലായതിനാൽ ചെടികൾക്കിടയിൽ കണ്ടാൽ തിരിച്ചറിയുക പ്രയാസമാണ്. ഇവ മാംസാഹാരികളാണ്. ഈച്ച തുടങ്ങിയ പ്രാണികളെയും ശലഭങ്ങളെയും പുൽച്ചാടികളെയും ഉറുമ്പുകളെയുമൊക്കെ പതിയിരുന്ന് ഇവ പിടികൂടും. കീടങ്ങളെ നിയന്ത്രിക്കുന്നതിൽ ഇവ വലിയ പങ്കുവഹിക്കുന്നുണ്ട്.

**Praying mantis - with forelimbs always raised and prostrate They are called by this name because they are in the form of praying. It has a long slender body, a long neck and a triangular head For these. Flat hands are full of thorns. Head is easy Can also be turned back. Due to its green or brown colour, it is difficult to identify if seen among plants. They are carnivores. They ambush insects such as flies, butterflies, grasshoppers and ants. They play a major role in pest**




ചിത്രശലഭം - പൂക്കളുടെ തേനാണ് പൂമ്പാറ്റകളുടെ പ്രധാനഭക്ഷണം. ശരീരത്തിലെ ആന്റിന ഉപയോഗിച്ചാണ് ഇവ പൂന്തേൻ കണ്ടുപിടിക്കുന്നത്. രുചിയറിയുന്നതാവട്ടെ കാലുകളുപയോഗിച്ചും. പൂമ്പൊടി ആഹാരമാക്കുന്ന ശലഭങ്ങളുമുണ്ട്.

**Butterfly - The main food of butterflies is honey from flowers. They are detected by antennas in the body. let it taste With legs. There are also butterflies that feed on pollen.**

## വിവിധ ജീവികളും അവയുടെ ആഹാരവും **Different organisms and their food.**

| ജീവി **Creatures** | ആഹാരം **Food** |
|---|---|
| Cow പശു | പുല്ല്, വൈക്കോൽ (സസ്യാഹാരി)<br>Grass, Hay (**Herbivore.)** |
| Crow കാക്ക | ധാന്യങ്ങൾ, പഴങ്ങൾ, എലികൾ, പ്രാണികൾ , പച്ചക്കറികൾ, ചിലന്തികൾ,ഒച്ച്, പയറുവർ ഗങ്ങൾ (മിശ്രാഹാരി)<br>Grains, fruits, rats, insects, vegetables, spiders, snails, legumes (**Omnivore)** |
| Elephant ആന | പുല്ലുവർഗത്തിൽപ്പെട്ട ചെടികൾ, സസ്യങ്ങളുടെ ഇലകൾ, പഴങ്ങൾ, വേരുകൾ, കുറ്റിച്ചെടികൾ, മരത്തൊലി (സസ്യാഹാരി)<br>Herbs, leaves, fruits, Roots, shrubs, tree bark (**Herbivore.)** |
| Squirrel അണ്ണാൻ | മരങ്ങളിൽ വസിക്കുന്ന പ്രാണികൾ , വിത്തുകൾ , അണ്ടികളും പരിപ്പുകളും, പഴങ്ങൾ, പുഴുക്കൾ, ചെറിയ പാമ്പുകൾ, ചെറുജീവികളുടെ മുട്ടകൾ (മിശ്രാഹാരി)<br>Insects that live in trees, seeds and Nuts, fruits, worms, small snakes and small animals Eggs (**Omnivore**) |
| Hen കോഴി | പഴങ്ങൾ, പ്രാണികൾ, പുഴുക്കൾ, പച്ചക്കറികൾ, പയറിനങ്ങൾ, വിത്തുകൾ, ധാന്യങ്ങൾ (മിശ്രാഹാരി)<br>Fruits, insects, worms, vegetables, pulses, |

| | |
|---|---|
| | Seeds and grains (**Omnivore**) |
| Eagle പരുന്ത് | മീൻ, മുയൽ , പാമ്പ് , ചെറുകിളികൾ, കുറുക്കൻ, കുരങ്ങ്, മാൻ<br>(മാംസാഹാരി)<br>Fish, Rabbit, Snake, Parrots, Fox, Monkey, Deer (**Carnivore**) |
| King Fisher പൊന്മാൻ | മീനുകൾ, ജലാശയങ്ങളിൽ വസിക്കുന്ന പ്രാണികൾ, തവളകൾ,<br>ചെറുപാമ്പുകൾ, പല്ലികൾ (മിശ്രാഹാരികൾ)<br>Fish, aquatic insects, frogs, Small snakes and lizards (**Omnivore**) |
| Frog തവള | ഈച്ച, നിശാശലഭങ്ങൾ, ഒച്ച്, പ്രാണികൾ, പുഴുക്കൾ<br>(മാംസാഹാരികൾ)<br>Flies, Moths, Snails, Insects, Worms (**Carnivore**) |



**സസ്യഭാഗങ്ങൾ മാത്രം ആഹാരമാക്കുന്നവയെ സസ്യാഹാരികൾ എന്നും മാംസം മാത്രം ആഹാരമാക്കുന്നവയെ മാംസാഹാരികൾ എന്നും വിളിക്കാം. സസ്യഭാഗങ്ങളും മാംസവും ആഹാരമാക്കുന്നവയാണ് മിശ്രാഹാരികൾ.**

**The creatures which eat only plant parts are called herbivores. The creatures which eat only meat are called carnivores. Omnivores are creatures that eat both plants and meat.**

| **Herbivores**<br>**സസ്യാഹാരികൾ** | **Carnivores**<br>**മാംസാഹാരികൾ** | **Omnivores**<br>**മിശ്രാഹാരികൾ.** |
|---|---|---|
| Giraffe ജിറാഫ് | Tiger കടുവ | Pig പന്നി |
| Elephant ആന | Lion സിംഹം | Bear കരടി |
| Zebra സീബ്ര | Crocodile മുതല | Monkey കുരങ്ങ് |
| Rabbit മുയൽ | Fox കുറുക്കൻ | Hen കോഴി |
| Deer മാൻ | Eagle പരുന്ത് | Duck താറാവ് |
| Monkey കുരങ്ങ് | Cheetah ചീറ്റ | Crow കാക്ക |
| Crow കാക്ക | Hyena കഴുതപ്പുലി | Parrot തത്ത |
| Buffalo എരുമ | Polar bear ഹിമക്കരടി | Human മനുഷ്യൻ |
| Cow പശു | Owl മൂങ്ങ | |
| Goat ആട് | Leopard പുലി | |
| Squirrel അണ്ണാൻ | Cat പൂച്ച | |
| Horse കുതിര | Dog പട്ടി | |
| Dove പ്രാവ് | | |



ചിത്രങ്ങൾ നോക്കൂ. ഏതൊക്കെ ശരീരഭാഗങ്ങളാണ് ഈ ജീവികൾക്ക് ഇരയെ പിടിക്കാനും ആഹാരമാക്കാനും സഹായകമാകുന്നത്? എങ്ങനെ?

- താറാവ് -
- പരുന്ത് -
- തവള -
- സിംഹം -

| | |
|---|---|
| താറാവ് **Duck** | * എണ്ണമയമുള്ള തൂവലും ത്വക്കിനടിയിലെ കൊഴുപ്പും വെള്ളത്തിൽ അനായാസം സഞ്ചരിക്കാൻ സഹായിക്കുന്നു.<br>* തുഴപോലുള്ള കാലുകൾ നീന്തൽ എളുപ്പമാക്കുന്നു.<br>* പരന്ന ചുണ്ടുകൾ മീനുകളെ വായ്ക്കുള്ളിലാക്കാൻ സഹായിക്കുന്നു.<br>*** Oily liked feathers help to move easily in water.**<br>*** Oar-like legs make swimming easier.**<br>*** Flat lips help fish into mouths.** |

| | |
|---|---|
| പരുന്ത് Eagle | * വലുപ്പമേറിയതും ശക്തിയുള്ളതുമായ ചിറക് ഉയരത്തിൽ പറക്കാൻ സഹായിക്കുന്നു.<br>* മികച്ച കാഴ്ച്ചശക്തി വളരെ ഉയരത്തിൽ നിന്ന് തന്നെ ഇരയെ കണ്ടെത്താൻ സഹായിക്കുന്നു.<br>* വളഞ്ഞു കൂർത്ത നഖങ്ങൾക്ക് പരുന്തിനേക്കാൾ ഭാരമുള്ള ജീവികളെപ്പോലും അള്ളിപ്പിടിച്ച് പറക്കാനുള്ള ശേഷിയുണ്ട്.<br>* വളഞ്ഞു കൂർത്ത ചുണ്ടുകൊണ്ട് ഇരയെ കൊത്തിക്കീറാൻ കഴിയുന്നു.<br>* Their strong and wide wings are help to fly high.<br>* Excellent eyesight helps to spot the prey from a great height.<br>* Their strong and curved claws help to catch the heavier prey.<br>* Their strong and curved beak help to carve and tearing flesh the prey. |
| തവള Frog | * അതിവേഗം പുറത്തേക്ക് നീട്ടാവുന്ന പശിമയാർന്ന നാക്കിൽ ഇരയെ കുടുക്കി വായ്ക്കുള്ളിലാക്കുന്നു.<br>* Frogs have a long, sticky tongue that they use to catch their prey. |
| സിംഹം Lion | * കരുത്തുറ്റ ശരീരം.<br>* വേഗത്തിലോടാനുള്ള കഴിവ്.<br>* കൂർത്തുനീണ്ട പല്ലുകൾ ഉപയോഗിച്ച് ഇരയെ കടിച്ചുകീറാൻ കഴിയും.<br>* ബലമുള്ളതും കൂർത്തതുമായ നഖങ്ങൾ |

| | |
|---|---|
| | ഉപയോഗിച്ച് ഇരയെ കീഴ്പ്പെടുത്തുന്നു.<br>* Strong body.<br>* Ability to accelerate.<br>* Can bite prey with sharp teeth.<br>* They have sharp, strong claws that help them grasp and hold onto prey. |

## പൂമ്പാറ്റയുടെ ജീവിത ചക്രം Butterflies life cycle





## മുട്ട Egg



സാധാരണമായി ഇലയുടെ അടിയിലാണ് ശലഭങ്ങൾ മുട്ടയിടുന്നത്. പശിമയാർന്ന ശരീരദ്രാവകംകൊണ്ട് ഇവ ഇലയിൽ ഒട്ടിച്ചുവയ്ക്കുന്നു.ആറുദിവസങ്ങൾക്കുള്ളിൽ മുട്ടകൾ വിരിയും.

**Butterflies usually lay their eggs on the underside of leaves. They stick to the leaf with sticky body fluids. The eggs will hatch within six days.**

## ലാർവ Larva

മുട്ടകളിൽ നിന്ന് ലാർവകൾ പുറത്തുവരുകയും ചുറ്റുമുള്ള സസ്യ പദാർത്ഥങ്ങൾ ഭക്ഷിക്കാൻ തുടങ്ങുകയും ചെയ്യുന്നു.ദിവസങ്ങൾക്കകം ലാർവ വളർന്നു വലുതാകുന്നു. **Larvae emerge from eggs and start eating the surrounding plant material. Within days, the larva grows up.**

## പ്യൂപ്പ Pupa



15 ദിവസങ്ങൾക്കകം ലാർവകൾ പരമാവധി വളർച്ചയിൽ എത്തും. അപ്പൊൾ ഭക്ഷണം നിർത്തി സ്വയം നിർമ്മിച്ച ഒരു ആവരണത്തിൽ സമാധിയിരിക്കുന്നു.ഇതാണ് പ്യൂപ്പ.

**Larvae reach maximum growth in 15 days. It then stops eating and rests in a self-made covering. This is the pupa.**



## ചിത്ര ശലഭം Butterflies

രണ്ടാഴ്ചയ്ക്കുള്ളിൽ പ്യൂപ്പ പൂർണവളർച്ചയെത്തി

കൂടുപൊട്ടിച്ച് ശലഭമായി പുറത്തുവരും. ചുരുണ്ട

ചിറകുകൾ ഏതാനും മിനിറ്റുകൾക്കുള്ളിൽ പറക്കാൻ

സജ്ജമാകും. മൂന്◌്നനോ നാലോആഴ്ചകൾ മാത്രമാണ്

സാധാരണ ചിത്രശലഭങ്ങളുടെ ജീവിതകാലം.

**The pupa is fully grown within two weeks and the nest breaks and comes out as a butterfly. curly the wings are ready to fly in a few minutes. Only three or four weeks Lifespan of common butterflies.**

The largest butterfly in Keralam is Southern birdwing (Garuda Shalabham) and the smallest is Grass Jewel (Rathnaneeli). The official butterfly of Keralam is Malabar banded peacock (Buddha Mayoori).

കേരളത്തിൽ കാണപ്പെടുന്നവയിൽ ഏറ്റവും വലിയ ചിത്രശലഭം ഗരുഡശലഭവും ചെറുത് രത്നനീലിയുമാണ്.

കേരളത്തിന്റെ ഔദ്യോഗികശലഭം ബുദ്ധമയൂരിയാണ്



വിറവാലൻ



നാട്ടു റോസ്



നാട്ടു മയൂരി



തകര മുത്തി



മഞ്ഞപാപ്പാത്തി



വിലാസിനി



എരുക്കുതപ്പി



വരയൻ കടുവ

| ചെടി<br>**Plant** | ആകർഷിക്കുന്ന പൂമ്പാറ്റകൾ<br>**Attractive Butterflies** |
|---|---|
| ഈശ്വരമുല്ല<br>**Eswara mulla** | നാട്ടുറോസ്, ചക്കരശലഭം<br>**Nattu rose,Chakkara Shalabham** |
| മുസാന്ത<br>**Mussaenda** | വെള്ളിലത്തോഴി<br>**Vellilathozhi (commander)** |
| കറുവ<br>**Cinnamon** | വഴനശലഭം<br>**Vazhana shalabham (Papilio clytia)** |
| നാരകം<br>**Citrus** | നാരകക്കാളി<br>**Mormon Butterfly** |
| കറിവേപ്പില<br>**Curry leaves** | കൃഷ്ണശലഭം, നാരകശലഭം<br>**Krishna shalabham, Naraka shalabham** |
| എരുക്ക്<br>**Giant Calotrope** | എരുക്ക് തപ്പി, വരയൻകടുവ, നീലക്കടുവ<br>**Erukku thappi,Varayan Kaduva,Neela Kaduva** |
| നറും പാണൽ<br>**South Indian uvaria** | വിറവാലൻ<br>**Viravalan(Green spotted triangle)** |

പൂമ്പാറ്റകൾ രണ്ടുതരത്തിൽ സസ്യങ്ങളെ ആശ്രയിക്കുന്നു; മുട്ടയിടാനും ആഹാരത്തിനും. നാരകക്കാളി ശലഭം സാധാരണയായി മുട്ടയിടുന്നത് നാരകം, പാണൽ എന്നീ സസ്യങ്ങളിലാണ്. ഇവയുടെ പുഴുക്കൾ ഭക്ഷണമാക്കുന്നത് ഈ ചെടികളുടെ ഇലകളാണ്.ഇവ പൂമ്പാറ്റയായിക്കഴിഞ്ഞാൽ തേൻ കുടിക്കുന്നത് ചെമ്പരത്തി, മന്ദാരം,മുസാന്തതുടങ്ങിയവയുടെ പൂക്കളിൽനിന്നാണ്

Butterflies depend on plants in two ways; for laying eggs and for food. The Common mormon butterfly (Naarakakkali) usually lays eggs on the citrus plant (naarakam) and the orangeberry plant (paanal).Their larvae eat the leaves of these plants. When they become butterflies,they find nectar from the flowers of hibiscus, white orchid tree and morning breeze plants.



**Look at the picture. How many varieties of creatures are around us! Where do they live? In which places do such different creatures live in abundance?**

ചിത്രം ശ്രദ്ധിക്കൂ...എത്ര മാത്രം വൈവിധ്യമാർന്ന ജീവികളാണ് നമുക്ക് ചുറ്റുമുള്ളത്

അവ എവിടെയെല്ലാം വസിക്കുന്നു?ഏതെല്ലാം സ്ഥലങ്ങളിലാണ് ഇത്തരത്തിൽ വ്യത്യസ്തജീവികൾ

ധാരാളമായി താമസിക്കുന്നത് ?

| | |
|---|---|
| • വയൽ | • **Field** |
| • കുളം | • **Pond** |
| • കാട് | • **Forest** |
| • പുഴ | • **River** |
| • കാവ് | • **Grove** |
| • മരം | • **Tree** |

ഇത്തരത്തിലുള്ള സങ്കേതങ്ങൾ ഇല്ലാതായാൽ എന്തെല്ലാം പ്രശ്നങ്ങളുണ്ടാവും?

**What will happen if they become extinct?**

| | |
|---|---|
| • ജീവികൾക്ക് വാസസ്ഥലം നഷ്ടമാകും | *** Creatures will lose their habitat.** |
| • ജീവികളുടെ എണ്ണം കുറയും | *** The number of organisms will decrease** |
| • മറ്റു ചില ജീവികളുടെ എണ്ണം കൂടും | *** Some other species will increase in number** |
| • മനുഷ്യരുടെ നിലനിൽപ് അപകടത്തിലാവും | *** Human existence will be in danger** |

ജീവികൾ വസിക്കുന്ന ചുറ്റുപാടുകളെ സംരക്ഷിക്കുന്നതിനായി നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?**What can we do to protect the creatures living area?**

- മാലിന്യം വലിച്ചെറിയാതിരിക്കണം.
- **Do not throw garbage.**
- കുളം, കാട് തുടങ്ങിയ സങ്കേതങ്ങൾ സംരക്ഷിച്ച് നിലനിർത്തണം.
- **Protect sanctuaries like Ponds, Forests, rivers.**
- കീടനാശിനികളും മറ്റും പ്രയോഗിക്കുന്നത് ഒഴിവാക്കണം.
- **Avoid the uses of pesticides.**
- രാസവളങ്ങളുടെ ഉപയോഗം നിയന്ത്രിക്കണം.
- **Use of chemical fertilizers should be controlled.**
- ജലാശയങ്ങൾ മലിനമാകാതെ കാക്കണം.
- **Water bodies should be protected from pollution.**
- ജീവികളുടെ വാസസ്ഥലങ്ങൾ കയ്യേറരുത്.
- **Do not encroach on living creatures habitats.**

**By**
**ANOOP T**
**Govt.WLPS AIRUKUZHY**
**KOLLAM**